## കേണലിനാരും എഴുതുന്നില്ല

ഗബ്രിയേൽ ഗാർസിയ മാർകേസ്



ദാരിദ്ര്യത്തിൽനിന്ന് ദാരിദ്ര്യത്തിലേക്കു കൂപ്പുകുത്തുന്ന ഒരു കേണലിന്റെയും അദ്ദേഹത്തിന്റെ ആസ്ത്മക്കാരിയായ ഭാര്യയുടെയും ജീവിതം ചെറുചെറുസംഭവങ്ങളിലൂടെ അവതരിപ്പിക്കുകയാണ് *കേണലിനാരും എഴുതുന്നില്ല* എന്ന നോവലിലൂടെ മാർകേസ്. നാല്പതുവർഷക്കാലത്തെ ദാരിദ്ര്യപൂർണ്ണമായ ജീവിതത്തിൽ കേണൽ നിത്യവും പ്രതീക്ഷിക്കുന്ന ഒന്നുണ്ട്–പെൻഷൻ അനുവദിച്ചു കിട്ടുന്ന കത്ത്. ആ പ്രതീക്ഷയിലാണ് കേണലിന്റെ ജീവിതം. എന്നാൽ, നാളെ എന്തു ഭക്ഷിക്കും എന്ന ചോദ്യത്തിന് മലം എന്നുത്തരം പറയേണ്ടിവരുന്നിടത്തോളമെത്തുന്നു കേണലിന്റെ അവസ്ഥ.

വിവർത്തനം : അയ്മനം ജോൺ

കവർ ഡിസൈൻ: വിശാഖ് രാജ്/ ഡി സി ഡിസൈൻ സ്റ്റുഡിയോ


ഡിസി ബുക്സ്
www.dcbooks.com
ISBN 978-93-5432-243-3
00001
9 789354 322433
നോവൽ | E-book available | ₹ 99


ഗബ്രിയേൽ ഗാർസിയ മാർകേസ് • കേണലിനാരും എഴുതുന്നില്ല

ഡി സി ബുക്സ്

# ഗബ്രിയേൽ ഗാർസിയ മാർകേസ്



# കേണലിനാരും എഴുതുന്നില്ല

GABRIEL **GARCÍA MÁRQUEZ**

*NO ONE WRITES TO THE COLONEL*

DCB

1665

College of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu 678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1665 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## ഗബ്രിയേൽ ഗാർസിയ മാർകേസ് (1928-2014)

അന്താരാഷ്ട്ര പ്രശസ്തനായ കൊളംബിയൻ സാഹിത്യകാരൻ. 1928-ൽ കൊളംബിയയിലെ അരകാറ്റക്കയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പത്രപ്രവർത്തനത്തിൽ പരിശീലനം നേടി. കാർട്ടാജിന (1946), ബാറൻക്വില (1948-'52), ബൊഗോട്ട (1952) എന്നിവിടങ്ങളിൽ ന്യൂസ്പേപ്പർ എഡിറ്ററായിരുന്നു. 1959 മുതൽ '61 വരെ ക്യൂബൻ ന്യൂസ് ഏജൻസിയായ 'ലാ പ്രെൻസ'യ്ക്കുവേണ്ടി കൊളംബിയ, ഹവാന, ന്യൂയോർക്ക് സിറ്റി എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1960 കളിലും '70 കളിലും സ്പെയിനിലും മെക്സിക്കോയിലുമായി കഴിഞ്ഞു. 1982-ൽ കൊളംബിയൻ പ്രസിഡന്റിന്റെ അഭ്യർത്ഥന മാനിച്ച് സ്വന്തം നാട്ടിലേക്കു പോന്നു. ഭാര്യ മെഴ്സഡിസ്. രണ്ട് ആൺമക്കളുണ്ട്. 1972-ൽ രോമുലാ ഗാലിഗോസ് പ്രൈസ് ലഭിച്ചു; 1982-ൽ നോബൽ പ്രൈസും. 2014 ഏപ്രിൽ 17-ന് അന്തരിച്ചു.

## അയ്മനം ജോൺ

1953-ൽ കോട്ടയം ജില്ലയിലെ അയ്മനത്ത് ജനിച്ചു. *ക്രിസ്മസ്മരത്തിന്റെ വേര്, ഒന്നാം പാഠം ബഹിരാകാശം, ചരിത്രം വായിക്കുന്ന ഒരാൾ, ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം, അയ്മനം ജോണിന്റെ കഥകൾ (1972-2015), മഹർഷിമേട് മാഹാത്മ്യം, കണ്ടൽക്കടവ് പ്രണയകാലം* എന്നീ കഥാസമാഹാരങ്ങളും *എന്നിട്ടുമുണ്ട് താമരപ്പൊയ്കകൾ, വാക്കിന്റെ വഴിയാത്രകൾ* എന്നീ ഓർമ്മപ്പുസ്തകങ്ങളും *തുഴ തോണി തടാകം* എന്നൊരു യാത്രാപുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഷുസെ സരമാഗുവിന്റെ 'കായേൻ' എന്ന നോവൽ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. *ഇതര ചരാചരങ്ങളുടെ ചരിത്രപുസ്തകം* എന്ന കഥാസമാഹാരത്തിന് 2017-ലെ കേരളസാഹിത്യ അക്കാദമി ചെറുകഥാപുരസ്കാരം ലഭിച്ചു.

## ഡോ. മായ ലീല

സ്പെയിനിൽനിന്നും ഭാഷാശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. നിരവധി തർജ്ജമകളും ഗവേഷണപ്രബന്ധങ്ങളും ലേഖനങ്ങളും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്വദേശി. സ്പീച്ച് തെറാപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്നു.

ഗബ്രിയേൽ ഗാർസിയ മാർകേസിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
ഏകാന്തതയുടെ 100 വർഷങ്ങൾ
കോളറാകാലത്തെ പ്രണയം
കേണലിനാരും എഴുതുന്നില്ല
പ്രണയവും ഭൂതാവേശവും

*കഥകൾ*
അപരിചിത തീർത്ഥാടകർ

ഗബ്രിയേൽ ഗാർസിയ മാർകേസിന്റെ പുസ്തകങ്ങൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

ഗബ്രിയേൽ ഗാർസിയ മാർകേസ്

# കേണലിനാരും എഴുതുന്നില്ല

വിവർത്തനം
അയ്മനം ജോൺ

ഡി സി ബുക്സ്

MALAYALAM LANGUAGE

ORIGINAL SPANISH TITLE
El Coronel No Tiene Quien Le Escriba

ORIGINAL ENGLISH TITLE
No One Writes to The Colonel

NOVEL
*by* Gabriel Garcia Marquez

MALAYALAM TITLE
Colonelinārum Ezhuthunnilla
*Translated by* Aymanam John
*Spanish Language consultant:* Dr. Maya Leela

© GABRIEL GARCIA MARQUEZ © 1961 and Heirs of GABRIEL GARCIA MARQUEZ

First Published April 2021

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Marquez, Gabriel Garcia.
Colonelinarum Ezhuthunnilla/Gabriel Garcia Marquez;
Malayalam translation./Aymanam John.
80 p., 21cm.
ISBN 978-93-5432-243-3
Malayalam translation of 'No one writes to the colonel' original in Spanish 'El coronel no tiene quien le escriba.'
1. Spanish novel 2. Malayalam translation.
I. Title. II Title-English. III. Title-Spanish. IV. John Aymanam.
869.3-dc22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-93-5432-243-3

Printed in India
at D C Press, Kottayam, INDIA.

D C BOOKS-THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

50/21-22-Sl.No.21528-dcb 7724-2000-2659-04-21-se 70 -p st-r sh-d sm

കേണൽ കാപ്പിപ്പൊടി ടിന്നിന്റെ അടപ്പ് തുറന്നു നോക്കിയപ്പോൾ അതിൽ ഒരു കൊച്ചു സ്പൂണിൽ കൊള്ളാവുന്നത്ര പൊടി മാത്രമാണുള്ളതെന്ന് കണ്ടു. അടുപ്പത്ത് വച്ചിരുന്ന ചെരുവമെടുത്ത് അതിൽനിന്ന് പാതി വെള്ളം മൺതറയിലേക്കൊഴിച്ചു കളഞ്ഞിട്ട്, അദ്ദേഹം ഒരു പിച്ചാത്തിയെടുത്ത് ടിന്നിനുള്ളിൽ പറ്റിപ്പിടിച്ചിരുന്ന കാപ്പിപ്പൊടിയുടെ, തുരുമ്പുകൂടി പൊടിഞ്ഞു ചേർന്ന ഒടുവിലത്തെ തരികൾ വരെ ചെരുവത്തിലേക്ക് ചുരണ്ടിയിട്ടു.

കാപ്പി തിളയ്ക്കുന്നതും കാത്ത്, ശുദ്ധഹൃദയനായ ഒരു ദൃഢ പ്രതീക്ഷക്കാരന്റെ മട്ടിൽ അടുപ്പുകല്ലിനരികെ ഇരിക്കുന്ന നേരത്ത്, തന്റെ അന്നനാളത്തിൽ കൂണുകളും വിഷമയമായ ആമ്പലുകളുമൊക്കെ വേര് പിടിച്ചുതുടങ്ങുന്നതായി കേണലിനനുഭവപ്പെട്ടു.

അതൊരു ഒക്ടോബർ പ്രഭാതമായിരുന്നു. അതുപോലുള്ള ഒട്ടനേകം പ്രഭാതങ്ങളെ അതിജീവിച്ചിട്ടുള്ളകേണലിനുപോലും, മറികടക്കാൻ പ്രയാസമനുഭവപ്പെട്ട ഒരു പ്രഭാതം.

ഒടുവിലത്തെ ആഭ്യന്തരയുദ്ധം കഴിഞ്ഞ് ഏതാണ്ട് അറുപത് വർഷക്കാലത്തോളം കാത്തിരിക്കുക എന്നതൊന്നുമാത്രമാണ് കേണൽ ചെയ്തിട്ടുള്ളത്. വന്നുചേർന്ന അപൂർവ്വം ചിലതിൽ പെട്ടതായിരുന്നു ആ ഒക്ടോബർ.

കേണൽ കാപ്പിയുമായി കിടപ്പുമുറിയിലേക്കു കടന്നുചെല്ലുന്നത് കണ്ടതും അദ്ദേഹത്തിന്റെ ഭാര്യ കൊതുകുവല ഉയർത്തി. കഴിഞ്ഞ രാത്രിയുണ്ടായ ആസ്ത്മാബാധയാൽ തീർത്തും അവശയായിരുന്നു, അവർ. എങ്കിലും കാപ്പിക്കപ്പ് കൈയിൽ വാങ്ങാനായി അവർ എഴുന്നേറ്റിരുന്നു.

'നിങ്ങൾക്കോ?' അവർ ചോദിച്ചു.

'ഞാൻ കുടി കഴിഞ്ഞു. ഒരു വല്യസ്പൂൺ പൊടി ബാക്കിയുണ്ടായിരുന്നു' കേണൽ നുണ പറഞ്ഞു.

ആ നിമിഷം മണിമുഴക്കങ്ങളുയർന്നു തുടങ്ങി. ശവമടക്കത്തിന്റെ കാര്യം കേണൽ മറന്നുപോയിരുന്നു. ഭാര്യ കാപ്പി കുടിച്ചുകൊണ്ടി

രുന്ന നേരത്ത് അദ്ദേഹം ഊഞ്ഞാൽക്കിടക്കയുടെ ഒരറ്റത്തെ കൊളുത്തെടുത്തിട്ട് വാതിലിനുപുറകിലെ മറ്റേ അറ്റത്തേക്ക് ചുരുട്ടിവച്ചു... അവരാകട്ടെ പരേതനെക്കുറിച്ചോർത്തുകൊണ്ടുമിരുന്നു.

'തൊള്ളായിരത്തി ഇരുപത്തിരണ്ടിലാണ് അവനുണ്ടായത്.' അവർ പറഞ്ഞു. നമ്മുടെ മോനുണ്ടായി, കൃത്യം ഒരു മാസം കഴിഞ്ഞ്. ഏപ്രിൽ ഏഴിന്.'

എന്നിട്ടവർ ശ്വാസമെടുത്തെടുത്ത് വലിക്കുന്നതിനിടയിൽ, കുറച്ചൊരാശ്വാസം കിട്ടിയ നേരങ്ങളിൽ കാപ്പി അല്പാല്പമായി മൊത്തിക്കുടിച്ചുകൊണ്ടിരുന്നു. ഉള്ളിലേക്കു വലിഞ്ഞ് ദൃഢപ്പെട്ട നട്ടെല്ലിന്മേൽ പേരിനുമാത്രം മാംസപ്പറ്റുള്ള ഒരു സ്ത്രീയായിരുന്നു അവർ. ശ്വസനവിഘ്നംകൊണ്ട് അവരുടെ ചോദ്യങ്ങൾതന്നെയും പ്രസ്താവനകൾപോലെ ഉരുവിടാനേ അവർക്ക് കഴിഞ്ഞിരുന്നുള്ളൂ.

കാപ്പി കുടിച്ചുകഴിഞ്ഞിട്ടും അവർ പരേതനെപ്പറ്റിത്തന്നെ വിചാരിച്ചുകൊണ്ടിരുന്നു.

'ഒക്ടോബറിലെ ശവമടക്കമെന്ന് വച്ചാൽ ഹോ! ഓർക്കാൻപോലും വയ്യ' അവർ പറഞ്ഞു.

പക്ഷേ, കേണൽ അതുകേട്ട മട്ടുപോലും കാട്ടിയില്ല. അദ്ദേഹം ജനാല തുറന്നിട്ടു. ഒക്ടോബർ നടുമുറ്റത്തോളം എത്തിക്കഴിഞ്ഞിരുന്നു. കടുംപച്ച നിറങ്ങളിൽ തഴച്ചുപൊന്തിയിരുന്ന സസ്യജാലങ്ങളിലേക്കും മണ്ണിരകൾ കുഴമണ്ണിലുണ്ടാക്കിയിട്ട ചെറുപുറ്റുകളിലേക്കും നോക്കിനിൽക്കെ കേണൽ തന്റെ കുടലുകളിൽ വീണ്ടും ആ അശുഭമാസത്തിന്റെ അലട്ടലറിഞ്ഞു.

'ഹോ. എല്ലു തുളച്ചുകേറുന്ന തണുപ്പ്!' അദ്ദേഹം പറഞ്ഞു.

'ഇതല്ലേലും തണുപ്പുകാലംതന്നെയാ' അവർ പ്രതിവചിച്ചു. 'മഴ തുടങ്ങിയ അന്ന് മുതൽ ഞാൻ നിങ്ങളോടു പറയുന്നതാ സോക്സിട്ട് കിടക്കാൻ.'

'ഞാൻ സോക്സിട്ട് കിടക്കാൻ തുടങ്ങീട്ട് ആഴ്ച്ച ഒന്നായി.'

മഴ പൊടിക്കുന്നതേ ഉണ്ടായിരുന്നുള്ളൂവെങ്കിലും അത് പെയ്തുകൊണ്ടുതന്നെയിരുന്നു. ഒരു കമ്പിളിപ്പുതപ്പെടുത്ത് മൂടിപ്പുതച്ച് വീണ്ടും കിടക്കയിലേക്ക് ചായണമെന്നായിരുന്നു കേണലിനാഗ്രഹം. പക്ഷേ, ആ പരുക്കൻ മണിമുഴക്കത്തിന്റെ ആവർത്തനം കേണലിനെ ശവമടക്കത്തിന്റെ കാര്യം ഓർമിപ്പിച്ചുകൊണ്ടേയിരുന്നു..





'ഇത് ശരിക്കുമൊരു ഒക്ടോബർതന്നെ'എന്ന് തന്നത്താൻ പിറുപിറുത്തുകൊണ്ട് അദ്ദേഹം മുറിയുടെ നടുവിലേക്ക് നടന്നു. കട്ടിൽക്കാലിൽ കെട്ടിയിട്ടിരുന്ന പൂവൻകോഴിയുടെ കാര്യം അപ്പോഴാണ് അദ്ദേഹത്തിന് ഓർമ്മ വന്നത്. അതൊരു പോരുകോഴിയായിരുന്നു.

കാപ്പിക്കപ്പ് അടുക്കളയിലേക്കു കൊണ്ടുപോയി വച്ചിട്ട് അദ്ദേഹം സ്വീകരണമുറിയിലേക്കു കയറി തടിയിൽ പണിത അലങ്കാരപ്പെട്ടിയിലെ പെൻഡുലം ക്ലോക്കിന് ചാവി കൊടുത്തു.

ഒരാസ്ത്മാരോഗിക്ക് ശരിക്കു ശ്വാസമെടുക്കാൻ പോലുമാവാത്തത്ര ഇടുങ്ങിയതായിരുന്നു അവരുടെ കിടപ്പുമുറി. സ്വീകരണമുറിയാകട്ടെ, വിരിപ്പിട്ട ഒരു ചെറിയ മേശയും അതിന്മേൽ ഒരു പ്ലാസ്റ്റർ പൂച്ചയും ചുറ്റും നല്ല ഉറപ്പുള്ള നാല് ആട്ടക്കസേരകളുമൊക്കെയായി സാമാന്യം വലിപ്പമുള്ളതായിരുന്നു... ക്ലോക്കിന് നേരേ എതിരെയായി മറുചുവരിൽ ദേവരൂപികളായ ബാലകരാൽ ചുറ്റപ്പെട്ട് ലോലവസ്ത്രധാരിയായ ഒരു പെൺകുട്ടി റോസാപ്പൂക്കൾകൊണ്ടലങ്കരിച്ച ഒരു ബോട്ടിൽ നിൽക്കുന്നതായ ഒരു ചിത്രവുമുണ്ടായിരുന്നു.

കേണൽ ക്ലോക്കിന് ചാവി കൊടുത്തു കഴിഞ്ഞപ്പോൾ സമയം ഏഴ് ഇരുപതായിരുന്നു. അതു കഴിഞ്ഞ് അദ്ദേഹം പോരുകോഴിയെ അടുക്കളയിലേക്കു കൊണ്ടുപോയി അതിനെ സ്റ്റൗവിന്റെ കാലിൽ കെട്ടിയിട്ടു. എന്നിട്ട് പാത്രത്തിലെ വെള്ളം മാറ്റി, അതിനടുത്തായി ഒരു പിടി ചോളറവും വിതറി.

വേലിക്കിടയിലൂടെ നുഴഞ്ഞു കടന്ന് ഒരു കൂട്ടം കുട്ടികൾ ഓടിക്കയറി വന്ന് കോഴിക്കു ചുറ്റും കൂടി. എന്നിട്ട്ഒച്ചയുണ്ടാക്കാതെ അതിനെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

'മതി മതി. കണ്ടതു മതി.' കേണൽ പറഞ്ഞു 'ഒത്തിരി നോട്ടം നോക്കിയാൽ പോരുകോഴികൾ മെലിഞ്ഞുപോകും.'

കുട്ടികൾ അനങ്ങിയതേയില്ല. അവരിലൊരുവൻ കൈയിലുണ്ടായിരുന്ന ഹാർമോണിക്കയിൽ ഒരു പ്രസിദ്ധമായ പാട്ടിന്റെ ഈരടികൾ മീട്ടിത്തുടങ്ങി...

'അരുതരുത്. അതിന്ന് വായിക്കരുത്.' കേണൽ അവനോടായി പറഞ്ഞു. 'ടൗണിലൊരു മരണം നടന്നിട്ടുണ്ട്. '

അവൻ ഉടനടി ഉപകരണം അവന്റെ പാന്റിന്റെ പോക്കറ്റിലേക്കിട്ടു.

അടക്കത്തിന് പോകാൻ തയ്യാറെടുക്കുവാനായികേണൽ കിടപ്പുമുറിയിലേക്ക് നടന്നു.